| 03-08-2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
| --- | --- | --- | --- | --- |

**മധുരമായ കുട്ടികളേ - ഓർമ്മയുടെ യാത്രയ്ക്കായി സമയം സമയം വിനിയോഗിച്ചു കൊണ്ടിരിക്കൂ എങ്കിൽ വികർമ്മം വിനാശമായിക്കൊണ്ടിരിക്കും, എല്ലാറ്റിൽ നിന്നുമുളള മമത്വം ഇല്ലാതാവും, ബാബയുടെ കഴുത്തിലെ മാലയായി മാറും.**

**ചോദ്യം** – ഗോഡ്ഫാദറിലൂടെ നിങ്ങൾ കുട്ടികൾ ഏതു രണ്ടു വാക്കുകളുടെ പഠിപ്പാണ് പഠിക്കുന്നത്? ആ രണ്ടു വാക്കുകളിൽ ഏതൊരു രഹസ്യമാണ് അടങ്ങിയിരിക്കുന്നത്?
**ഉത്തരം** – ഗോഡ്ഫാദർ നിങ്ങളെ ഇത്രയുമാണ് പഠിപ്പിക്കുന്നത് – അല്ലയോ ആത്മാക്കളേ, 'ശരീരബോധത്തെ ഉപേക്ഷിക്കൂ', 'എന്നെ ഓർമ്മിക്കൂ' – ഈ രണ്ടു ശബ്ദങ്ങളുടെ പഠിപ്പ് പഠിപ്പിക്കാനുളള കാരണം ഇതാണ്, എന്തുകൊണ്ടെന്നാൽ ഇനി നിങ്ങൾക്ക് ഈ പഴയലോകത്തിൽ പഴയ ശരീരം എടുക്കേണ്ട ആവശ്യമില്ല. നിങ്ങൾക്ക് പുതിയ ലോകത്തേക്ക് പോകണം. ഞാൻ നിങ്ങളെ കൂടെക്കൊണ്ടു പോകുന്നതിനായി വന്നിരിക്കുകയാണ്, അതുകൊണ്ട് ദേഹസഹിതം എല്ലാറ്റിനെയും മറക്കൂ.

**ഗീതം** – അങ്ങ് തന്നെയാണ് മാതാവും, പിതാവും.......

**ഓംശാന്തി**. സാളിഗ്രാമുകളായ കുട്ടികൾക്ക് അറിയാം നമ്മൾ ഒരു മനുഷ്യനിലൂടെയും ശാസ്ത്രങ്ങൾ കേൾക്കുന്നില്ല. ഇതിനെ സത്സംഗം എന്ന് പറയുകയില്ല, പഠിപ്പ് എന്നാണ് പറയുന്നത്. മറ്റുള്ളവരോട് ചോദിക്കുകയാണെങ്കിൽ പറയും ഞങ്ങൾ സത്സംഗത്തിലേക്കാണ് പോകുന്നതെന്ന്, അല്ലെങ്കിൽ പറയും കോളേജിലേക്കാണ് പോകുന്നതെന്ന്. ഇതറിയാം സത്സംഗത്തിൽ സാധു, സന്യാസി, വിദ്വാന്മാരൊക്കെയാണ് കേൾപ്പിക്കാനായി ഉണ്ടാവുക. വിദ്യാലയത്തിലും മനുഷ്യരാകുന്ന ടീച്ചറും, പ്രൊഫസറും എല്ലാവരും ഉണ്ടാകും. പക്ഷേ ഇവിടെ മനുഷ്യരല്ല. ഇവിടെ പരിധിയില്ലാത്ത ആത്മീയ അച്ഛനാണ്. ഇവരെയാണ് ത്വമേവ മാതാശ്ചപിതാ..... എന്ന് പറയുന്നത്. ഈ മഹിമ ദേവതകളുടേതല്ല, ബ്രഹ്മാ വിഷ്ണു ശങ്കരന്റേതല്ല. ഈ മഹിമ നിരാകാരനായ പരമപിതാവായ പരമാത്മാവിന്റേതാണ്. ഇപ്പോൾ നിങ്ങൾക്ക് അറിയാം നിരാകാരനായ പരമാത്മാവ് ഈ ശരീരം ധാരണ ചെയ്ത് പാർട്ട് അഭിനയിച്ചുകൊണ്ടിരിക്കുകയാണ്. ഈ നിരാകാരനായ പരമപിതാവായ പരമാത്മാവിനല്ലാതെ മറ്റാർക്കും തന്നെ ബ്രഹ്മാകുമാരീ-കുമാരന്മാരെ പഠിപ്പിക്കാൻ സാധിക്കുകയില്ല. ബ്രഹ്മാവിനെയും ജ്ഞാനസാഗരൻ എന്ന് പറയുകയില്ല. ഇവർ പ്രജാപിതാബ്രഹ്മാവാണ്, ജ്ഞാനസാഗരൻ ഒരേയൊരു നിരാകാരനായ പരമപിതാപരമാത്മാവാണ്. ബാബ തന്നെയാണ് പതിതരെ പാവനമാക്കിമാറ്റുന്നത്, എന്തുകൊണ്ടെന്നാൽ ജ്ഞാനസാഗരനിലൂടെ മാത്രമാണ് സദ്ഗതിയുണ്ടാകുന്നത്. ഇതെല്ലാം തന്നെ പുതിയ കാര്യങ്ങളാണ്. ഗീതയിൽ കൃഷ്ണന്റെ പേര് വന്നതോടെ എല്ലാം തന്നെ ഖണ്ഡിക്കപ്പെട്ടു. ഇപ്പോൾ മനുഷ്യർക്ക് എങ്ങനെ അറിയാൻ സാധിക്കും ജ്ഞാനസാഗരനായ പരമപിതാവായ പരമാത്മാവ് വന്ന് ജ്ഞാനത്തെ നൽകുന്നെന്ന്. ഇത് മനുഷ്യർ മറന്നു പോകുന്നു. ശാസ്ത്രങ്ങളെല്ലാം തന്നെ ദ്വാപരയുഗത്തിന്റെ തുടക്കത്തിൽ തന്നെ ഉണ്ടാക്കുകയില്ല. മനസ്സിലാക്കി തന്നിട്ടുണ്ട് ആദ്യം ബാബയുടെ ചിത്രം, ക്ഷേത്രങ്ങളെല്ലാം തന്നെ ഉണ്ടാക്കുന്നു, ഇതിലൂടെയാണ് ഭക്തി ആരംഭിക്കുന്നത്. ഭക്തിയും വളരെക്കാലം പരമാത്മാവിന്റേതാണ് ഉണ്ടാകേണ്ടത്, കാരണം ഉയർന്നതിലും ഉയർന്നത് പരമാത്മാവ് മാത്രമാണ്. പരമാത്മാവിന്റെ പൂജയാണ് ആദ്യം ആരംഭിക്കുന്നത്. പൂജയ്ക്ക് യോഗ്യതയുള്ളത് ഒരേയൊരു ശിവബാബ മാത്രമാണ്. അല്ലാതെ ബ്രഹ്മാ, വിഷ്ണു, ശങ്കരൻ, അഥവാ ജഗദംബയും ജഗദ്പിതാവുമെല്ലാം തന്നെ പൂജയ്ക്ക് യോഗ്യതയുളളവരാണെന്നല്ല. ഇവരെയെല്ലാവരെയും പൂജയ്ക്ക് യോഗ്യരാക്കുന്നത് ഒരേയൊരു ബാബയാണ്. തീർച്ചയായും ബാബയുടെ ഭക്തിയാണ് കൂടുതലുണ്ടാവുക. ഈ ബ്രഹ്മാവ് ഒന്നും തന്നെയല്ല. ഇവരിൽ പരമപിതാവായ പരമാത്മാവ് വന്നില്ല എങ്കിൽ ഇവർ എങ്ങനെ പൂജയ്ക്ക് യോഗ്യരായിത്തീരും? എല്ലാവരുടെയും സദ്ഗതി ദാതാവ് ഒരേയൊരു ബാബയാണ്. ഇത് വിചാരസാഗരമഥനം ചെയ്യേണ്ടതാണ്. ഭക്തി എങ്ങനെയാണ് ആരംഭിക്കുന്നത്? ശിവബാബ വിചാര സാഗരമഥനം ചെയ്യുന്നില്ല. കുട്ടികൾക്കാണ് വിചാരസാഗരമഥനം ചെയ്യേണ്ടത്. ബ്രഹ്മാ മുഖവംശാവലിയായ സരസ്വതിയ്ക്കുപോലും വിചാരസാഗരമഥനം ചെയ്യണം. ഉയർന്നതിലും ഉയർന്നത് ഒന്നു മാത്രമാണ്. അഥവാ ബാബ വന്നില്ല എങ്കിൽ ലോകത്തെ ആര് പതിതത്തിൽ നിന്നും പാവനമാക്കിത്തീർക്കും? എല്ലാ മനുഷ്യരും പതിതരാണ്. ഇപ്പോൾ ശിവബാബ വന്നില്ലാ എങ്കിൽ ആര് സ്വർഗ്ഗത്തിന്റെ സമ്പത്ത് നൽകും? നിശ്ചയബുദ്ധിയല്ലെങ്കിൽ വിജയമാലയിൽ കോർക്കപ്പെടാൻ സാധിക്കില്ല. സത്പുത്രന്മാർ സദാ കഴുത്തിലെ മാലയായിരിക്കും. ബാബയും സന്തുഷ്ടമാവും - ഈ കുട്ടി വളരെ സത്പുത്രനും ആജ്ഞാകാരിയുമാണെന്ന്. വളരെ അച്ഛനമ്മമാർക്ക് 12-14 കുട്ടികളുള്ളവർ ഉണ്ട്, അതിൽ ചിലർ സത്പുത്രരും, ചിലർ കുപുത്രന്മാരും ഉണ്ടാവും. പതിതപാവനനായ ബാബയ്ക്ക് അല്ലാതെ മറ്റാർക്കും തന്നെ പതിതരെ ഉദ്ധരിക്കാൻ

സാധിക്കില്ല. നിങ്ങൾക്ക് അറിയാം ഗംഗാ നദിതീരത്തും ഗംഗയുടെ ക്ഷേത്രമുണ്ട്. അപ്പോൾ ഈ ഗംഗ ആരാണെന്ന് മനസ്സിലാക്കി കൊടുക്കണം. പതിതത്തിൽ നിന്നും പാവനമായിത്തീരുന്നതിന് ഇത് ഏതെങ്കിലും ശക്തിയാണോ, അതോ വെള്ളത്തിലൂടെ പാവനമായിത്തീരാൻ സാധിക്കുമോ? ബാബ പറയുന്നു ഗംഗ പതിതപാവനിയല്ല. യോഗത്തിലൂടെയല്ലാതെ ആർക്കും തന്നെ പാവനമായിത്തീരാൻ സാധിക്കില്ല. അതുകൊണ്ട് നിങ്ങൾക്ക് ഗംഗാസ്നാനം ചെയ്യേണ്ട ആവശ്യമില്ല. യോഗത്തിന്റെ അർത്ഥം തന്നെ ഓർമ്മ എന്നാണ്. ബുദ്ധിയുടെ യോഗം വെക്കണം. മറ്റുള്ളവർ ധാരാളം യോഗാസനങ്ങളെല്ലാം തന്നെ നടത്തുന്നുണ്ട്. അനേക പ്രകാരത്തിലുള്ള ഹഠയോഗം ചെയ്യുന്നുണ്ട്. അതിനെയൊന്നും യോഗം എന്ന് പറയുകയില്ല. മാതാക്കൾക്കും അബലകൾക്കും ഹഠയോഗത്തെക്കുറിച്ച് എന്ത് അറിയാനാണ്?

മനുഷ്യർ വിദ്യാലയത്തിൽ പഠിക്കുന്നുണ്ട്, അവിടെ ബുദ്ധിമുട്ടിന്റെ ഒരു കാര്യവുമില്ല. എന്തെങ്കിലും പരീക്ഷ പാസ്സാവണം. അറിയാം ഈ പരീക്ഷ പാസ്സായാൽ എന്താവുമെന്ന്. ഇവിടെയും നിങ്ങൾക്ക് അറിയാം – ഇവിടെയും പരീക്ഷയുണ്ട്, ഗോഡ്ഫാദറാണ് പഠിപ്പിക്കുന്നത്. ബാബ പതിതപാവനനാണ്. നിങ്ങളുടേത് ഈശ്വരീയ വിദ്യാർത്ഥി ജീവിതമാണ്. ബാബ എങ്ങനെയാണ് പതിതത്തിൽ നിന്നും പാവനമാക്കിത്തീർക്കുന്നത്? പറയുന്നു – അല്ലയോ ആത്മാക്കളേ, ഈ ശരീരബോധത്തെ ഉപേക്ഷിക്കൂ. ഈ പഴയ ശരീരത്തെ ഉപേക്ഷിക്കണം. ആദ്യമാദ്യം നിങ്ങളുടെ ശരീരം വെളുത്തതായിരുന്നു. ഇപ്പോൾ ഇരുമ്പിനു സമാനമായി ത്തീർന്നു. ഇപ്പോൾ  നിങ്ങൾക്ക് പുതിയശരീരം ഇവിടെ ലഭിക്കുകയില്ല. കാരണം ഇവിടെ പഞ്ചതത്വങ്ങളും തമോപ്രധാനമാണ്. ഇപ്പോൾ ഞാൻ എന്റെ കുട്ടികളെ എന്നോടൊപ്പം തിരിച്ചുകൊണ്ടുപോകും. കല്പം മുമ്പും കൊണ്ടുപോയിരുന്നു. ഞാൻ കാലന്റെയും കാലനാണ്. എല്ലാവരെയും തിരിച്ചുകൊണ്ടുപോകും. പിന്നീട് നിങ്ങളെ അമരപുരിയിലേക്ക് അയക്കും. ഇത് മൃത്യുലോകമാണ്. മോശമായ ലോകമാണ് അതുകൊണ്ട് സംഗമയുഗത്തിന് 100 വർഷങ്ങൾ ആവശ്യമാണ്. മറ്റെല്ലാ യുഗത്തിനും 1250 വർഷങ്ങളാണ്. ഈ അവസാനത്തെ സംഗമയുഗത്തിന്റെ ആയുസ്സ് വളരെ കുറവാണ്. എങ്ങനെയാണോ ബ്രാഹ്മണരുടെ കുടുമ ചെറുത് അത്പോലെ സംഗമയുഗത്തിന്റെ ആയുസ്സും കുറവാണ്. പിന്നീട് ഈ ലോകം വിനാശമാകും, അപ്പോൾ പുതിയ കെട്ടിടങ്ങളെല്ലാം തന്നെ ഉണ്ടാക്കാനായി ആരംഭിക്കും. അതിൽ ആദ്യം വരുന്നത് ശ്രീകൃഷ്ണനായിരിക്കും. കൊട്ടാരങ്ങളൊക്കെ ഉണ്ടാക്കാനായി ശ്രീകൃഷ്ണന് വളരെ താൽപര്യമുണ്ടായിരിക്കും. ചിലർക്ക് അങ്ങനെ താൽപര്യമുള്ളവരുള്ളതുകൊണ്ടായിരുന്നു അമർനാഥിന്റെ ക്ഷേത്രം ഉണ്ടാക്കിയത്. ബിർളക്കും  വളരെ താൽപ്പര്യമുണ്ട്, എത്ര നല്ല ക്ഷേത്രമാണ് ഉണ്ടാക്കിയിട്ടുള്ളത്! നമ്പർവൺ പൂജ്യനീയം ശിവബാബയാണ്, പിന്നീട് ഭക്തിമാർഗ്ഗത്തിൽ ആദ്യം സോമനാഥന്റെ ക്ഷേത്രമാണ് ഉണ്ടാക്കിയത്. അതും കുറച്ചു സമയത്തിനുശേഷം മാത്രമേ ഉണ്ടാക്കൂ. പിന്നീട് പൂജ ആരംഭിക്കും. ഇപ്പോൾ ഘോരമായ അന്ധകാരമാണ്. രാത്രി പൂർത്തിയായി പിന്നീട് പകൽ വരുന്നു.

ബാബ പറയുന്നു ഞാൻ രാത്രിയുടെയും പകലിന്റെയും മദ്ധ്യത്തിലാണ് വരുന്നത്. മഹായുദ്ധവുമുണ്ട്. ഇങ്ങനെ എഴുതപ്പെട്ടിട്ടുണ്ട് യാദവരുടെ വയറ്റിൽ നിന്നും വന്ന വസ്തുക്കളിലൂടെ മുഴുവൻ കുലവും നശിച്ചു എന്ന്. നിങ്ങൾ കാണുന്നുണ്ട്, വിനാശത്തിനുവേണ്ടി തയ്യാറെടുത്തുകൊണ്ടിരിക്കുന്നത്. ഇതിനായി പ്രേരണ നൽകുന്നവരുണ്ടെന്നുള്ളത് മനസ്സിലാക്കുന്നു. രണ്ടു കൂട്ടരും വിനാശത്തിനുവേണ്ടി ബോംബുകളെല്ലാം തന്നെ ഉണ്ടാക്കി വെച്ചിട്ടുണ്ട്. ആപത്തുകളും വരുക തന്നെ വേണം. നിങ്ങൾ പ്രാക്ടിക്കലിൽ കാണുന്നുണ്ട് – സ്ഥാപനയും നടന്നുകൊണ്ടിരിക്കുന്നു, വിനാശവും തൊട്ടു മുന്നിലാണ്. ആരെങ്കിലും വിനാശം കണ്ടിട്ടില്ലെങ്കിൽ, ശരി വൈകുണ്ഠത്തെ കാണുന്നുണ്ടല്ലോ. നല്ല രീതിയിൽ പഠിച്ച് ബാബയിൽ നിന്നും പൂർണ്ണമായും പരിധിയില്ലാത്ത സമ്പത്ത് നേടണം. നിങ്ങളെ സാകാരത്തിലുള്ള ആളല്ല പഠിപ്പിക്കുന്നത്. ശാസ്ത്രങ്ങളുടെ കാര്യമല്ല. ഇവിടെ സ്വയം ജ്ഞാനസാഗരനാണ് പഠിപ്പിക്കുന്നത്. നിങ്ങൾ സ്വയത്തെ ദേഹി ആണെന്നു മനസ്സിലാക്കി ബാബയെ ഓർമ്മിക്കണം. ഭഗവാനുവാച– തന്റെ കുട്ടികളെ പ്രതി മനസ്സിലാക്കിത്തരുന്നു ഞാൻ നിങ്ങൾ കുട്ടികളുടെ സമ്മുഖത്താണ്. ആരാണോ എന്റെ കുട്ടികളായിത്തീരുന്നത്, അവരിൽ ചിലർ ഒന്നാനമ്മയുടെയും, ചിലർ രണ്ടാനമ്മയുടെയും കുട്ടികളുണ്ടാവും. ഒന്നാനമ്മയുടെ കുട്ടികൾക്കു മാത്രമേ സമ്പത്തിന്റെ അധികാരമുള്ളൂ. സംശയബുദ്ധിയുള്ളവരെയാണ് രണ്ടാനമ്മയുടെ കുട്ടികൾ എന്ന് പറയുന്നത്. അവർക്ക് സമ്പത്ത് ലഭിക്കുകയില്ല. അവർ പിന്നീട്  പുരുഷാർത്ഥമനുസരിച്ച് പ്രജയിലേക്ക് പോകും. ഒന്നാനമ്മയുടെ കുട്ടികൾ രാജ്യപദവിനേടും. അവർ ബാബയെയും സ്നേഹിക്കും, ബാബ അവരെയും സ്നേഹിക്കും. ഇങ്ങനെ പാടാറുണ്ടല്ലോ അങ്ങയിൽ ബലിയർപ്പണമായിത്തീരണം എന്ന്. ബാബ പറയുന്നു എന്നെ ഓർമ്മിക്കുകയാണെങ്കിൽ ഞാൻ നിങ്ങളെ സഹായിക്കാം. ധൈര്യശാലി കുട്ടികളെ ഈശ്വരൻ സഹായിക്കും. മറ്റെല്ലാത്തിൽ നിന്നുമുള്ള ബുദ്ധിയോഗത്തെ ഉപേക്ഷിച്ച് ഒന്നിലേക്കു മാത്രം യോജിപ്പിക്കണം. നിങ്ങൾ പറയുന്നു ഞങ്ങൾ ബാബയുടേതാണ്. ഇതെല്ലാം തന്നെ ബാബയുടേതാണ്. ബാബയ്ക്ക് ഞങ്ങൾ കക്കകൾ നൽകി പകരം സ്വർഗ്ഗത്തിന്റെ അധികാരിയുടെ സമ്പത്ത് നേടുന്നു.

നമുക്ക് ഈ പഴയ ദേഹത്തോട് മമത്വമില്ല. ഇത് തമോപ്രധാനവും രോഗിയുമായ ശരീരമാണ്. നമുക്ക് വേറെന്താണ് ഉള്ളത്? മനുഷ്യൻ മരണപ്പെടുമ്പോൾ എല്ലാത്തിൽ നിന്നും മുക്തമാവുന്നു. പിന്നീട് അവരുടെ എല്ലാം തന്നെ കർമ്മങ്ങൾ ചെയ്യുന്ന ആൾക്ക് നൽകുന്നു. നമ്മൾ എല്ലാം തന്നെ ബാബയ്ക്ക് നൽകുന്നു. മമത്വത്തെ ഇല്ലാതാക്കുന്നതിനായി നമ്മൾ നിരന്തരം ബാബയെ ഓർമ്മിക്കാനുള്ള പുരുഷാർത്ഥം ചെയ്യുന്നു. മായ പിന്നീട് വിഘ്നം ഉണ്ടാക്കുന്നു അതുകൊണ്ട് പതുക്കെ പതുക്കെ എത്രത്തോളം എന്റെ ഓർമ്മയ്ക്കായി സമയം നൽകുന്നുവോ അത്രത്തോളം വികർമ്മം നശിക്കുന്നു. അവർ മാത്രമേ കഴുത്തിലെ മാലയായിത്തീരൂ. എത്ര സഹജമായാണ് മനസ്സിലാക്കിത്തരുന്നത്. ബാബ മനസ്സിലാക്കിത്തരുന്നു ഈ രഥവും ഡ്രാമ അനുസരിച്ച് ഞാൻ കടമായി എടുത്തതാണ്. മറ്റാരിലും എനിക്ക് വരാൻ സാധിക്കില്ല. നിങ്ങളും പറയുന്നു – ബാബാ, കല്പം മുമ്പും ഞങ്ങൾ താങ്കളിൽ നിന്നും ഇതേ കെട്ടിടത്തിൽ, ഇതേ വസ്ത്രത്തിൽ മിലനം നടത്തിയിരുന്നു, താങ്കളിൽ നിന്നും സമ്പത്തും നേടിയിരുന്നു. അപ്പോൾ എത്ര സഹജമാണ്.

ബാബ പറയുന്നു, കേവലം എന്നെ ഓർമ്മിക്കൂ മറ്റെവിടേക്കും ബുദ്ധി പോകരുത്. ഓർമ്മിക്കൂ – അന്തിമസമയത്ത് ആരാണോ പുത്രനെ സ്മരിക്കുന്നത്, അഥവാ മറ്റാരെയെങ്കിലും ഓർമ്മിക്കുകയാണെങ്കിൽ പിന്നീട് അവിടെ പോയി ജന്മം എടുക്കേണ്ടതായിവരും. എവിടേയും മമത്വം പാടില്ല. അന്തിമകാലത്ത് ആരാണോ സ്ത്രീയെ സ്മരിക്കുന്നത്.... ബാബ വരുന്നത് പതിതരെ പാവനമാക്കാനാണ്, ബാബയ്ക്ക് എത്ര മഹിമയാണ്. ഏക് ഓംകാർ( ഒരു ഓംകാരം)..... ബാബയ്ക്ക് ഒരേയൊരു പേര് മാത്രമേയുള്ളൂ. ബാബയുടെ പേരിന് മാറ്റം വരാൻ, രണ്ടാമതൊരു ശരീരം ലഭിക്കുന്നില്ല. നിങ്ങൾ 84 ജന്മങ്ങൾ എടുക്കുമ്പോൾ 84 പേരുകൾ ഉണ്ടാവും. ബാബയുടെ മഹിമയിൽ പാടാറുണ്ട് നിർഭയൻ, നിർവ്വൈരൻ, അകാലമൂർത്തി........ ബാബ തന്നെയാണ് കാലന്റെയും കാലൻ, ഒരിക്കലും കാലന് വിഴുങ്ങാൻ സാധിക്കുകയില്ല. ഞാൻ എല്ലാവരെയും മുക്തിധാമത്തിലേക്ക് കൂട്ടിക്കൊണ്ടുപോകും. നിർവ്വൈരൻ അർത്ഥം എനിക്ക് ആരോടും ശത്രുതയില്ല. അകാലമൂർത്തി, അയോനിജൻ, ഞാൻ ജനനമരണത്തിലേക്ക് വരുന്നില്ല. ബാബയുടെ എത്ര മഹിമയാണ് പാടുന്നത്. ദു:ഖത്തെഹരിച്ച് സുഖം നൽകുന്നവനെന്നും പാടാറുണ്ട്...... കലിയുഗത്തിലെ ദു:ഖത്തെയാണ് ഹരിക്കുന്നത്. സത്യയുഗത്തിലെ സുഖത്തെ നൽകുന്നു. കുട്ടികൾക്ക് അറിയാം ഭാരതം സത്യയുഗമായിരുന്നപ്പോൾ ജീവന്മുക്ത അവസ്ഥയായിരുന്നു. ബാക്കി എല്ലാ ആത്മാക്കളും ശാന്തിധാമത്തിലായിരുന്നു, ഓർമ്മ വരുന്നില്ലേ. അപ്പോൾ തീർച്ചയായും ബാബ സംഗമത്തിൽ വരുകയാണെങ്കിൽ മാത്രമേ എല്ലാവരെയും ശാന്തിധാമത്തിലേക്ക് കൊണ്ടുപോകാനും നിങ്ങളെ സുഖധാമത്തിലേക്ക് അയക്കാനും സാധിക്കൂ. എത്ര സഹജമായ കാര്യങ്ങളാണ്. പക്ഷേ മായ ഇങ്ങനെയാണ് ഇവിടെ നിന്ന് പുറത്തേക്കു പോവുകയാണെങ്കിൽ എല്ലാം മറപ്പിക്കും. എങ്ങനെയാണോ ഗർഭ ജയിലിൽ ധർമ്മരാജനിലൂടെ നിങ്ങൾക്ക് ശിക്ഷകൾ നൽകുന്നത്, അയ്യോ–അയ്യോ എന്ന് നിലവിളിക്കും, മാപ്പ് ചോദിക്കും ഞങ്ങൾ ഇനി മേൽ ഇങ്ങനെയുള്ള പാപം ചെയ്യില്ല. പുറത്തേക്കു വന്നു കഴിഞ്ഞാൽ വീണ്ടും പാപം ചെയ്യാൻ ആരംഭിക്കും. ഇത് മായയുടെ രാജ്യമാണ്. സത്യ–ത്രേതായുഗത്തിൽ മായ ഉണ്ടാവുകയില്ല. അവിടെ സുഖം തന്നെ സുഖമാണ്. ഇപ്പോൾ നിങ്ങൾ പഠിച്ചുകൊണ്ടിരിക്കുകയാണ്. ഇതിൽ വീട് വിട്ടു പോകേണ്ട ആവശ്യമില്ല. ബാബ പറയുന്നു – ദേഹസഹിതം എല്ലാം തന്നെ മറക്കൂ. നിങ്ങളുടേത് പരിധിയില്ലാത്ത സന്യാസമാണ്. ആ സന്യാസിമാരുടേത് പരിധിയുള്ളതും. കാട്ടിലേക്കു പോയി പിന്നീട് പട്ടണത്തിലേക്കു തന്നെ തിരിച്ചു വരും. എത്ര വലിയ പേരുകളാണ് വെക്കുന്നത്. ബാബ പറയുന്നു ഞാൻ എത്ര സഹജമായാണ് മനസ്സിലാക്കിത്തരുന്നത്. വൃദ്ധരായ അമ്മമാർ എത്രപേരാണ്, പറയുന്നു ഞങ്ങൾക്ക് ധാരണയുണ്ടാകുന്നില്ല. ശരി, ഇത് അറിയാമോ പരമപിതാവായ പരമാത്മാവാണ് നിങ്ങളെ പഠിപ്പിക്കുന്നതെന്ന്? അവർ പറയുന്നു കേവലം എന്നെ മാത്രം ഓർമ്മിക്കൂ എന്ന്. ഇതിൽ യാതൊരു ബുദ്ധിമുട്ടുമില്ല. ഇപ്പോൾ നമ്മൾ 84 ജന്മത്തിന്റെ ചക്രം പൂർത്തിയാക്കി. ഇതാണ് സ്വദർശനചക്രം. ആത്മാവിന് ചക്രത്തിന്റെ ദർശനം ഉണ്ടാകുന്നു. ഇവിടെ നിന്നു തന്നെ നിരോഗി ശരീരം ഉണ്ടാകുന്നു. ചക്രത്തെ അറിയുന്നതിലൂടെ നിങ്ങൾ ഉയർന്ന പദവി നേടുന്നു, അതുകൊണ്ടാണ് ബാബ പറയുന്നത് സ്വദർശന ചക്രധാരിയായിമാറൂ എന്ന്. എത്ര സഹജമായാണ് മനസ്സിലാക്കിത്തരുന്നത്! സഹജമായ ഓർമ്മ, സഹജ സൃഷ്ടിചക്രം, യാതൊരു ബുദ്ധിമുട്ടുമില്ല. ഇതാണ് സത്യമായ സമ്പാദ്യം. ബാക്കി ധനവും മാളികയും എല്ലാം തന്നെ നശിക്കാൻ പോവുകയാണ്. എല്ലാം ഇല്ലാതാവും. സാഗരം ഇളകിമറിയും. പ്രകൃതി ക്ഷോഭങ്ങളെല്ലാം തന്നെ വരും. ഭാരതം സത്യഖണ്ഡമായിരുന്നു അപ്പോൾ മറ്റേതൊരു ഖണ്ഡവും ഉണ്ടായിരുന്നില്ല. ഭാരതം ശിവബാബയുടെ ജന്മഭൂമിയാണ്. ഏറ്റവും വലിയ തീർത്ഥസ്ഥാനമാണ്. ഭാരതത്തിൽ സോമനാഥക്ഷേത്രം എത്ര നല്ല രീതിയിലാണ് ഉണ്ടാക്കിയിട്ടുളളത്! ഇപ്പോൾ ധാരാളം ഉണ്ടാക്കുന്നുണ്ട്.

ബാബ പറയുന്നു ഈ സമയത്തെ വിവാഹം പൂർണ്ണമായും നഷ്ടമുണ്ടാക്കുന്നതാണ്. ശിവബാബയുമായുള്ള വിവാഹം മാത്രമാണ് ലാഭമുള്ളത്. ശിവബാബ പ്രിയതമനുമാണ്, സ്വർഗ്ഗത്തിലേക്ക് അയക്കുന്നു. നിങ്ങൾ

ഇവിടേക്ക് വന്നിരിക്കുന്നു, അറിയാം നമ്മൾ നരനിൽ നിന്നും നാരായണനും, നാരിയിൽ നിന്നും ലക്ഷ്മിയുമായിത്തീരുന്നു എന്ന്. പുരുഷന്മാർ പോയി പുരുഷന്മാരായിത്തന്നെ മാറണം എന്നില്ല, മാറിക്കൊണ്ടിരിക്കും. ചിലരുടെ വസ്ത്രം പുരുഷന്റേതായിരിക്കും, ചിലർക്ക് സ്ത്രീകളുടേതും. പിന്നീട് എങ്ങനെ സത്യയുഗത്തിൽ നിന്നും ത്രേതായുഗമായിത്തീരുന്നു എന്നുള്ളതും മനസ്സിലാക്കിത്തരുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികളെ ജ്ഞാനസാഗരനായ ഗോഡ്ഫാദറാണ് പഠിപ്പിക്കുന്നത്. മനുഷ്യന് അച്ഛനും, ടീച്ചറും, സദ്ഗുരുവുമായിത്തീരാൻ സാധിക്കില്ല. അച്ഛനും ടീച്ചറും ആകാൻ കഴിയും, ഗുരുവാകാൻ കഴിയില്ല. ആയാലും ഭൗതികവിദ്യ മാത്രമേ പഠിപ്പിക്കാൻ സാധിക്കൂ. ഈ ബാബ നമ്മെ തികച്ചും സ്വർഗ്ഗത്തിന്റെ അധികാരിയാക്കിമാറ്റുന്നു. ഏതെങ്കിലും കാര്യം മനസ്സിലായില്ല എങ്കിൽ ആയിരം പ്രാവശ്യം ചോദിച്ചോളൂ. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യസാരം -**

1. സത്പുത്രരായ ആജ്ഞാകാരികളായിത്തീർന്ന് വിജയമാലയിൽ കോർക്കപ്പെടണം. ബാബയ്ക്ക് തന്റെ കക്കകൾ നൽകി, സമർപ്പണം ചെയ്ത്, എല്ലാത്തിൽ നിന്നുമുള്ള മമത്വത്തെ ഇല്ലാതാക്കണം.

2. അന്തിമകാലത്ത് ഒരേയൊരു ബാബയുടെ മാത്രം ഓർമ്മയുണ്ടായിരിക്കണം അതിനുവേണ്ടി എല്ലാത്തിൽ നിന്നുമുള്ള ബുദ്ധിയോഗത്തെ വിടുവിച്ച് നിരന്തരം ബാബയുടെ ഓർമ്മയിലിരിക്കാനുള്ള പുരുഷാർത്ഥം ചെയ്യണം.

## വരദാനം:- സർവ്വ ഖജനാവുകളെയും സ്വയത്തിൽ സമാഹരിച്ച് നൈരാശ്യത്തിൽ നിന്നും അസൂയയിൽ നിന്നും മുക്തരായിരിക്കുന്ന സദാ പ്രസന്ന ചിത്തരായി ഭവിക്കട്ടെ.

ബാപ്ദാദ എല്ലാ കുട്ടികൾക്കും സമാനരൂപത്തിൽ സർവ്വ ഖജനാവുകളും നൽകിയിട്ടുണ്ട് പക്ഷെ ആർക്കും തന്നെ ഈ പ്രാപ്തികളെ സ്വയത്തിൽ സമാഹരിക്കാൻ കഴിയുന്നില്ല, അഥവാ സമയത്ത് കാര്യത്തിൽ ഉപയോഗിക്കാൻ അറിയില്ല, അതിനാൽ സഫലത കാണപ്പെടുന്നില്ല, പിന്നെ സ്വയത്തിൽ നിരാശരാകുന്നു, ഇങ്ങനെ ചിന്തിക്കുന്നു-ഒരുപക്ഷെ എന്റെ ഭാഗ്യം തന്നെ അങ്ങനെയായിരിക്കുമെന്ന്. അവർക്ക് പിന്നെ മറ്റുള്ളവരുടെ വിശേഷതയോ ഭാഗ്യമോ കണ്ട് അസൂയ ജനിക്കുന്നു. അങ്ങനെ മനോനൈരാശ്യവും അസൂയയും ഉള്ളവർക്ക് ഒരിക്കലും പ്രസന്നതയോടെ ഇരിക്കാൻ സാധിക്കില്ല. സദാ പ്രസന്നതയോടെ ഇരിക്കണമെങ്കിൽ ഈ രണ്ട് കാര്യങ്ങളിൽ നിന്നും മുക്തമായിരിക്കൂ.

## സ്ലോഗൻ:- സ്വാർത്ഥതയില്ലാതെ സത്യമായ മനസ്സോടെ സേവനം ചെയ്യുന്ന ആത്മാവ് തന്നെയാണ് സ്വച്ഛമായ ആത്മാവ്.